15 YEARS OF CELEBRATING THE MAHATMA

<u>അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം തിരുവനന്തപുരം</u>

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം - ഭരണപരം - വകുപ്പിലെ ഹെഡ് ക്ലർക്ക്, സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം/സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : 1) പത്തനംതിട്ട നഗരാസൂത്രണ കാര്യാലയത്തിലെ ഹെഡ് ക്ലർക്കായ ശ്രീമതി.യമുന.പി.കെ.-യുടെ 28/11/18-ലെ സമർപ്പണം.
2) ചീഫ് ടൗൺ പ്ലാനറുടെ 13/02/19-ലെ എ2/6173/17 നമ്പർ ഉത്തരവ്.
3) ടൗൺ പ്ലാനർ, തിരുവനന്തപുരത്തിന്റെ 01/03/19-ലെ എ/115/19 നമ്പർ കത്ത്.

===

എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

ഉത്തരവ് നം. എ2/6173/17 തീയതി : 01/03/2019

===

<u>ഉത്തരവ്</u>

നഗര-ഗ്രാമാസൂത്രണ വകുപ്പിൽ തിരുവനന്തപുരം റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസിൽ ഹെഡ് ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. എൽ. വസന്തകുമാരി 28/02/2019-ൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ താഴെപ്പറയുന്ന സ്ഥാനക്കയറ്റങ്ങളും, സ്ഥലം മാറ്റങ്ങളും അനുവദിച്ച് ഉത്തരവാകുന്നു.

പത്തനംതിട്ട നഗരാസൂത്രണ കാര്യാലയത്തിലെ ഹെഡ് ക്ലർക്കായ ശ്രീമതി. യമുന.പി.കെ.-യുടെ പരാമർശം (1)-ലെ അപേക്ഷ പ്രകാരം തിരുവനന്തപുരം നഗരാസൂത്രണ കാര്യാലയത്തിലെ ഹെഡ് ക്ലർക്കായ ശ്രീമതി. വസന്തകുമാരി.എൽ. 28/02/2019-ൽ സർവ്വീസിൽ നിന്നും വിരമിച്ചതു മൂലമുണ്ടായ ഒഴിവിൽ ടി കാര്യാലയത്തിൽ ഹെഡ് ക്ലർക്കായി നിയമിക്കുന്നു.

വകുപ്പിലെ സീനിയർ ക്ലർക്കുമാരിൽ സീനിയറും നിലവിൽ കണ്ണൂർ നഗരാസൂത്രണ കാര്യാലയത്തിൽ സിനിയർ ക്ലർക്ക് (HG) ആയി സേവനമനുഷ്ഠിക്കുന്നതുമായ ശ്രീ. റിച്ചാർഡ്.എം.എൽ.-നെ 27800-59400 രൂപ ശമ്പള സ്കെയിലിൽ ഹെഡ് ക്ലർക്കായി സ്ഥാനക്കയറ്റം നൽകി പത്തനംതിട്ട നഗരാസൂത്രണ കാര്യാലയത്തിലെ ഹെഡ് ക്ലർക്കായിരുന്ന ശ്രീമതി. യമുന.പി.കെ. വിടുതൽ ചെയ്തത് മൂലമുണ്ടായ ഹെഡ് ക്ലർക്കിന്റെ ഒഴിവിൽ സ്ഥലം മാറ്റി നിയമിക്കുന്നു.

പരാമർശം (2)-ലെ ഉത്തരവ് പ്രകാരം സീനിയർ ക്ലർക്ക് ആയി സ്ഥാനക്കയറ്റം നൽകി ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ നിയമിച്ച കാസറഗോഡ് നഗരാസൂത്രണ കാര്യാലയത്തിലെ എൽ.ഡി. ക്ലർക്കായ ശ്രീ. പി. ദിവാകരനെ പ്രസ്തുത ഉത്തരവിൽ ഭാഗികമായി ഭേദഗതി വരുത്തി കണ്ണൂർ നഗരാസൂത്രണ കാര്യാലയത്തിൽ ശ്രീ. റിച്ചാർഡ്.എം.എൽ.-ന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ നിയമിക്കുന്നു. നിലവിൽ വകുപ്പിലെ എൽ.ഡി. ക്ലർക്കുമാരിൽ സീനിയറും ആലപ്പുഴ നഗരാസൂത്രണ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ച് വരുന്നതുമായ ശ്രീമതി. മഞ്ജു.സി.-യെ 25200-54000 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലം മാറ്റി നിയമിക്കുന്നു.

ആലപ്പുഴ നഗരാസൂത്രണ കാര്യാലയത്തിലെ എൽ.ഡി. ക്ലർക്കായ ശ്രീമതി. മഞ്ജു.സി., സീനിയർ ക്ലർക്കായി സ്ഥാനക്കയറ്റം ലഭിച്ച് വിടുതൽ ചെയ്യുന്നതുമൂലം ആലപ്പുഴ നഗരാസൂത്രണ കാര്യാലയത്തിൽ ഉണ്ടാകുന്ന എൽ.ഡി. ക്ലാർക്കിന്റെ ഒഴിവിൽ മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ എൽ.ഡി. ക്ലർക്കും, ആലപ്പുഴ DRB-ക്കാരിയുമായ ശ്രീമതി. അൽസൈനു.എ.കെ-യെ ആലപ്പുഴ നഗരാസൂത്രണ കാര്യാലയത്തിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചും ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ ഉദ്യോഗക്കയറ്റങ്ങൾ/സ്ഥലംമാറ്റങ്ങൾ ഉടനടി പ്രാബല്യത്തിൽ വരുന്നതും ബന്ധപ്പെട്ട ജീവനക്കാർ ഉടൻതന്നെ അതാത് കാര്യാലയങ്ങളിൽ നിന്നും വിടുതൽ ചെയ്യേണ്ടതുമാണ്.

മേൽപ്പറഞ്ഞ ഉദ്യോഗക്കയറ്റങ്ങൾക്ക് KSR ഭാഗം-1-ലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർക്ക് ചട്ട പ്രകാരമുള്ള പ്രവേശന കാലം, യാത്രബത്ത എന്നിവയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

ടൗൺ പ്ലാനറുടെ കാര്യാലയം പിൻ-695 033 തിരുവനന്തപുരം

അനിൽകുമാർ.പി.എസ്.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

ബന്ധപ്പെട്ട ജീവനക്കാർക്ക്. (മേലധികാരി മുഖേന)

പകർപ്പ്:- 1) ടൗൺ പ്ലാനർ കണ്ണൂർ.
2) ടൗൺ പ്ലാനർ, പത്തനംതിട്ട
3) ടൗൺ പ്ലാനർ, തിരുവനന്തപുരം.
4) ടൗൺ പ്ലാനർ, കാസറഗോഡ്
5) ടൗൺ പ്ലാനർ, ആലപ്പുഴ.
6) സി.എ. മുഖേന, ചീഫ് ടൗൺ പ്ലാനർ.
7) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
8) A, B, C, D, E, S സെക്ഷൻ സൂപ്രണ്ടുമാർ
9) എ4 സീറ്റ്
10) ബി2 സീറ്റ്
11) ശ്രീ. ഷാജു. IT ഓഫീസർ.
12) വെബ്സൈറ്റ്
13) കരുതൽ ഫയൽ. 14) അധികം-1

D020319